ചേരുകയും ഒരു കരടു നിർദ്ദേശം നൽകുന്നതിന് ഈ മൂന്നു യൂണിയനു കളോടും ആവശ്യപ്പെട്ടിട്ടുമുണ്ട്. ആ നിർദ്ദേശങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ ആ നിർദ്ദേശങ്ങൾ കമ്മിറ്റി പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്. സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള പ്രാഥമിക സംഘങ്ങളുടെ സേവന വ്യവസ്ഥകളും ക്ലാസിഫിക്കേഷനും ഇപ്പോഴത്തെ നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്തുപോലെ പൂർണ്ണമായും ഇതു നടത്തണമെങ്കിൽ സമഗ്രമായ ഒരു പരിശോധന ആവശ്യമാണ്. എല്ലാ മാനദണ്ഡങ്ങളും വിശദമായി, ശാസ്ത്രീയമായി പഠിച്ച് നടപടികൾ പൂർത്തിയാക്കുന്നതിന് വളരെയധികം കാലതാമസം വരും. അതുകൊണ്ടാണ് ശമ്പള പരിഷ്കരണവും സേവന-വേതന വ്യവസ്ഥകളും സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെടുത്തരുത് എന്നു കമ്മിറ്റി തീരുമാനിച്ചത്. ശമ്പള പരിഷ്കരണത്തിന് വേണ്ട നടപടി സ്വീകരിക്കാം. ഹൗസിംഗ്, ഹോസ്പിറ്റൽ, മൊത്തവ്യാപാര സംഘം തുടങ്ങിയ സ്ഥാപനങ്ങൾ പ്രത്യേക വിഭാഗമായതുകൊണ്ട് അവയെ മേൽ പറഞ്ഞ കമ്മിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മൊത്തവ്യാപാര സംഘങ്ങൾ ഇപ്പോഴത്തെ നിലവിലുണ്ട്. 1974 മുതൽ മൊത്തവ്യാപാര സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതുകൊണ്ട് അവർക്ക് ഇതു കൊടുക്കുവാൻ സാധിച്ചിട്ടില്ല. ശമ്പള പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അവർക്ക് മുപ്പതു രൂപ മാസംതോറും സഹായമായി വർദ്ധിപ്പിച്ചുകൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

മറ്റൊരു കാര്യം പറയാനുള്ളത് സെക്ഷൻ 80 നടപ്പിലാക്കുന്ന കാര്യമാണ്. സഹകരണ രജിസ്ട്രാറുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കെല്ലാം സെക്ഷൻ 80 ബാധകമാണ്. യൂണിയനുമായി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്. അതേസമയം കയർ, ഫിഷിംഗ്, ഡയറി തുടങ്ങിയ വ്യവസായത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുവേണ്ടി 1981-ൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് സഹകരണവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ആ വകുപ്പിലെ എല്ലാ മേലദ്ധ്യക്ഷൻമാരും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയാണ് അത്. കമ്മിറ്റി പലതവണ യോഗം കൂടുകയും വിവരങ്ങൾ ശേഖരിക്കുകയും പല സൊസൈറ്റികളുടേയും ഫെഡറേഷനുകളുടേയും നിർദ്ദേശം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെന്റിനോടു തന്നെ കാര്യമായ രീതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രിയുടേയും രജിസ്ട്രാറുടേയും മാത്രം നിയന്ത്രണത്തിലുള്ളതല്ല ഇതെന്നും അതുകൊണ്ട് എടുക്കാവുന്ന നടപടികൾ എടുക്കുന്നതാണ് എന്നുമാണ് എനിക്ക് അറിയിക്കുവാനുള്ളത്.

IV പ്രസ്താവന

പഞ്ചാബ് പ്രശ്നപരിഹാരം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ രാഷ്ട്രം ഒന്നടങ്കം ആശ്വാസം കൊള്ളുന്നതും നമുക്ക് അഭിമാനിക്കാവുന്നതുമായ ഒന്നിനെക്കുറിച്ചാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി ഇൻഡ്യയിൽ നിലനിന്നിരുന്ന പഞ്ചാബ് പ്രശ്നത്തിന് ഒരു പരിഹാരം കണ്ടുകൊണ്ട് ഇന്നത്തെ നമ്മുടെ പ്രിയങ്കരനായ, കരുത്തനായ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയും, അകാലിദൾ അദ്ധ്യക്ഷൻ ലോംഗോവാളും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർമൂലം ഈ അദ്ധ്യായം ശാശ്വതമായി പരിഹരിക്കപ്പെടും എന്നു നമുക്കു പ്രതീക്ഷിക്കാം. 1973-ലെ അനന്തപ്പൂർ റസല്യൂഷൻ മുതൽ പഞ്ചാബ് പ്രശ്നം അനുദിനം വളരെ ഉത്കണ്ഠാകുലമായ നിലയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

വളർന്നുവരികയായിരുന്നു. ലോകത്തെ മുഴുവൻതന്നെ ഞെട്ടിക്കുന്ന നിലയിൽ നമ്മുടെ പ്രിയങ്കരിയും ലോകം ഒന്നടങ്കം ബഹുമാനിക്കുകയും ചെയ്തിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ വിലപ്പെട്ട ജീവൻ ആ കാലഘട്ടത്തിൽ നമുക്ക് നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിൽപ്പോലും ഇൻഡ്യയുടെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി മൗലികമായ കാര്യങ്ങൾ അടിയറവയ്ക്കാതെതന്നെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അതാത് അവസരങ്ങളിൽ ഇതിന്റെ അനന്തര ഫലങ്ങൾ മനസ്സിലാക്കാൻ സാധിക്കാതെയിരുന്ന ഒരു സ്ഥിതിവിശേഷമാണ് അകാലിദൾ നേതൃത്വത്തിനുണ്ടായിരുന്നത്. എങ്കിലും ഭാഗ്യവശാൽ പിന്നീട് അത് നിയന്ത്രണാധീനമായ നിലയിലേക്ക് വരുകയും അപകടങ്ങൾ മനസ്സിലാക്കാനും, രാജ്യസ്നേഹപരമായ സമീപനം സ്വീകരിക്കുവാനും എല്ലാറ്റിലും വലുത് രാജ്യത്തിന്റെ ഐക്യമാണെന്നു മനസ്സിലാക്കാനും തയ്യാറാകുകയും ചെയ്തത് ആശ്വാസകരമായിട്ടുള്ള ഒരു സംഭവമാണ്. നമ്മുടെ പ്രധാനമന്ത്രി അധികാരമേറ്റെടുത്ത ഉടനേ ചെയ്ത ഒരു പ്രഖ്യാപനവുമായിരുന്നു പഞ്ചാബ് പ്രശ്നത്തിന് പരിഹാരം കണ്ടെത്തുമെന്നുള്ളത്. പരിഹാരം കണ്ടെത്താൻ ആഗ്രഹിച്ചിരുന്ന എല്ലാവരും സംശയിച്ചിരുന്നതും അവരുടെ മുൻപിൽ ചോദ്യചിഹ്നമായി നിലനിന്നിരുന്നതുമായ സംഗതി ഇതിന് എങ്ങനെ പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നുള്ളതായിരുന്നു. ഇൻഡ്യൻ ഭരണഘടനയ്ക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് അനന്തപ്പൂർ റസല്യൂഷൻ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാമെന്നുപറഞ്ഞു. അതിനുപോലും സാദ്ധ്യമല്ലാതിരുന്ന ഒരു സാഹചര്യത്തിലാണ് ഇന്നലെ ഇതിന് ഒരന്ത്യം ഉണ്ടായിട്ടുള്ളത്. അടുത്ത ഏതാനും ദിവസങ്ങളായി ഈ പ്രശ്നം ഒരു തീരുമാനത്തിലെത്തിക്കുന്നതിന് പലകേന്ദ്രങ്ങളും ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം ഇത് എത്ര വലിയ ഒരു ആശ്വാസമാണെന്ന് പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. നമ്മുടെ രാഷ്ട്രത്തിലെയും ലോകത്തിലെതന്നെ പല ഭാഗങ്ങളിലെയും സമാധാനം നഷ്ടപ്പെടുമെന്ന് നാം ഭയപ്പെട്ടു. ജനാധിപത്യത്തെ വെറികടക്കാൻവേണ്ടി അല്ലെങ്കിൽ ജനാധിപത്യത്തെ നശിപ്പിക്കാൻവേണ്ടി ആയുധമേന്തുക എന്നുള്ള പ്രവണത ലോകം മുഴുവൻതന്നെയും ഉൽക്കണ്ഠയോടുകൂടി നോക്കിയിരുന്ന ഒന്നാണ്. അതിന് പ്രേരണ നൽകാൻ മറ്റു പല രാഷ്ട്രങ്ങളും ഉണ്ടായിരുന്നു എന്നുള്ളത് നിർഭാഗ്യകരമാണ്. നമ്മുടെ അയൽരാജ്യമായ പാകിസ്ഥാൻ അതിന് പരിശീലനം കൊടുത്തിരുന്നു എന്നാണ് കാണാൻ കഴിയുന്നത്. അവരുടെയെല്ലാം മനസ്സിലുണ്ടായിരുന്നത് ഇൻഡ്യയുടെ ഐക്യം തകർക്കുക, ഇൻഡ്യയെ ശിഥിലമാക്കുക, ദുർബ്ബലമാക്കുക എന്നുള്ളതായിരുന്നു. ഈ അവസരത്തിൽ അതിനെതിരായി പ്രവർത്തിച്ച എല്ലാവരേയും നാം സ്മരിക്കേണ്ടതായിട്ടുണ്ട്. ഇൻഡ്യയുടെ ഐക്യവും ഭദ്രതയും കാത്തുസൂക്ഷിക്കുന്നതിനു അടിസ്ഥാനപരമായി സ്വീകരിക്കേണ്ട മൗലികങ്ങളായ പ്രശ്നങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതിരുന്നിട്ടുപോലും പഞ്ചാബിലെ ന്യൂനപക്ഷമായ സിക്കുകാരുടേയും പഞ്ചാബിലെ ജനങ്ങളുടേയും പൊതുവേയുള്ള പ്രശ്നങ്ങളിൽ പരിഹരിക്കാൻ സാധിക്കാവുന്ന, അനുവദിച്ചുകൊടുക്കാൻ സാധിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകി ജനങ്ങളുടെ ദുരിതത്തിനു ആശ്വാസം കണ്ടെത്താൻ ശ്രമിക്കുകയും അതിന് അങ്ങേയറ്റം വിട്ടുവീഴ്ച ചെയ്യുകയും ചെയ്തു. ഇത്, മൗലികമായി ഇൻഡ്യയുടെ ഐക്യവും ഭദ്രതയും കാത്തുസൂക്ഷിച്ചുകൊണ്ടുള്ളതായ തീരുമാനമാണെന്നുള്ളത് നമുക്ക് തീർച്ചയായിട്ടും അഭിമാനകരമായിട്ടുള്ള ഒന്നാണ്. ഈയവസരത്തിൽ കേരളത്തിലെ ജനങ്ങളുടേയും ഈ സഭയുടേയും സന്തോഷവും അഭിനന്ദനവും അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതോടൊപ്പം ആശ്വാസം കണ്ടെത്താൻ ശ്രമിച്ച രാജീവ് ഗാന്ധിയോടും അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹത്തിന്റെ ഗവൺമെന്റിനോടും നമുക്കുള്ള [ആത്മാർത്ഥമായ കൃതജ്ഞ യയും അഭിനന്ദനവും അറിയിക്കുന്നു. അതുപോലെതന്നെ ഇതിൽ പ്രധാന മായ പങ്ക് വഹിച്ച, ഏറ്റവും പ്രായോഗികമായ സമീപനം സ്വീകരിച്ച ലോംഗോവാളിനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും അഭിനന്ദിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : സർ, പഞ്ചാബിൽ സമാധാനമുണ്ടാക്കുന്നതിന്റെ മുന്നോടിയായി ഇന്നലെ വൈകുന്നേരം അഞ്ചു മണിക്കുശേഷം ലോംഗോവാളും പ്രധാനമന്ത്രി രാജീവ് ഗാന്ധിയും ഒരു കരാറിൽ ഒപ്പുവച്ചു. ആ സംഭത്തെ സസന്തോഷം സ്വാഗതം ചെയ്യുകയാണ്; എന്റെ പാർട്ടി മാത്രമല്ല, മറ്റു പ്രതിപക്ഷ പാർട്ടികളും. കഴിഞ്ഞ അഞ്ചു വർഷക്കാലമായി പുകഞ്ഞുകൊണ്ടിരിക്കുന്ന ഒരു അഗ്നിപർവ്വതമായിത്തീർന്നിരുന്ന പഞ്ചാബിലെ തീവ്രവാദികളുടെ പ്രവർത്തനത്തെ ഒറ്റപ്പെടുത്തി പഞ്ചാബ് ജനതയെയാകെ ഇൻഡ്യൻ ദേശീയധാരയിലേക്ക് കൊണ്ടുവരാൻവേണ്ടി നടത്തിയിരുന്ന ഒരു ശ്രമം പൂർണ്ണമായിട്ടല്ലെങ്കിലും ഒരു ഘട്ടംവരെ വിജയിച്ചു എന്നുള്ളതാണ് ഇന്നലത്തെ കൂടിയാലോചനാവിജയത്തിന്റെ ഒരു നേട്ടം. ഞാനിത് പൂർണ്ണമായിട്ടില്ല എന്നു പറയാൻ കാരണം തീവ്രവാദി പ്രശ്നങ്ങൾ അവിടെ ബാക്കിയുണ്ട്. മുഖ്യമന്ത്രി തന്നെ ഇവിടെ പരാമർശിച്ചു: 20,000-ൽപ്പരം തീവ്രവാദികൾക്ക് പാകിസ്ഥാനിൽ ആയുധമേന്തിയ പരിശീലനം കൊടുക്കുന്ന വാർത്തകൾ വന്നിട്ട് രണ്ടാഴ്ച കഴിഞ്ഞിട്ടില്ല. അവരെ പഞ്ചാബിലേക്ക് കടത്തിവിടുകയാണ്. അവരുടെ പിന്നിൽ സി. ഐ. എ. യുണ്ട്, അതിന്റെ പിന്നിൽ അമേരിക്കൻ ഏജൻസി ഉണ്ട്. ആ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടായിരുന്നു നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രിയുടെ കൊലപാതകമെന്ന് ഞങ്ങളുടെ പാർട്ടി അന്ന് ഉറപ്പിച്ച് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ദുഃഖകരമായ ഒക്ടോബർ 31-ാം തീയതിയിലെ സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ച കൈകളാണ് ഇതൊക്കെ. അതിനെ ഒറ്റപ്പെടുത്താൻവേണ്ടി അന്നുമുതൽ നടത്തിയ പ്രവർത്തനത്തിൽ എന്റെ പാർട്ടിക്ക് ഒരു സജീവപങ്കുണ്ട്. 1983 ജൂൺ മാസം ഞാനിപ്പോഴും ഓർക്കുകയാണ്. 17 പാർട്ടികളും, രണ്ടു പാർട്ടികളൊഴികെ (ബി. ജെ. പി. യും മുസ്ലീം ലീഗുമൊഴികെ) ഇൻഡ്യാരാജ്യത്തിലെ മറ്റെല്ലാപാർട്ടികളും ചേർന്ന് ലോംഗോവാളും ഉൾപ്പെടെ ജൂൺ മാസത്തിൽ ഞങ്ങളും ഒരു നിർദ്ദേശം വച്ചു. ആ നിർദ്ദേശം ബഹുമാനപ്പെട്ട ഇന്ദിരാഗാന്ധിയുടെ മുമ്പാകെ ജൂൺമാസാവസാനം സമർപ്പിക്കുകയുണ്ടായി. അങ്ങനെ സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൽ, ഇന്ന് അംഗീകരിച്ചത് ഏഴാണെങ്കിൽ അതിൽ മൂന്നു കാര്യങ്ങളും അന്ന് ഞങ്ങൾ വച്ചിരുന്നതാണെന്ന് അഭിമാനിക്കാൻ ഞങ്ങൾക്കിന്ന് അവകാശമുണ്ട്. ഒന്ന് ചണ്ഡിഗഢ് പഞ്ചാബിന്റെ തലസ്ഥാനമായി അംഗീകരിക്കണം. രണ്ടാമത് അതോടൊപ്പം ഹരിയാനയോട് തൊട്ടുകിടക്കുന്ന ഹിന്ദിപ്രദേശം ഹരിയാനയ്ക്ക് ലഭിക്കത്തക്കവിധത്തിൽ ഒരു കമ്മീഷനെ വിട്ടുകൊടുക്കണം. ഇപ്പോൾ ഒരു ട്രിബ്യൂണലിനെ വിട്ടുകൊടുത്തിരിക്കുകയാണ്. മൂന്നാമത് രബി, ബിയാസ് എന്നു പറഞ്ഞ രണ്ടു നദീജലപ്രശ്നം കമ്മീഷനോ ട്രിബ്യൂണലിനോ വിട്ടുകൊടുക്കണം. ഈ മൂന്നു പ്രശ്നങ്ങളിൻമേൽ ധാരണയുണ്ടായാൽ അന്ന് നമുക്ക് ബ്ലൂസ്റ്റാർ ഓപ്പറേഷൻ ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നു വിശ്വസിച്ചിരുന്ന പ്രതിപക്ഷപാർട്ടികളാണ് ഞങ്ങൾ. പക്ഷേ രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. ഇന്നെങ്കിലും അത് ഒത്തുതീർപ്പിലെത്തി. സ്വാഗതം ചെയ്യുന്നു, സന്തോഷമുണ്ട് ഞങ്ങൾക്ക്. എന്നാൽ പൂർണ്ണമായി സന്തോഷിക്കാറായിട്ടില്ല. പൊളിറ്റിക്കൽ സെറിൽമെന്റ് ഇനിയുമുണ്ട്. അനന്തപ്പൂർ പ്രമേയമല്ല, അനന്തപ്പൂർസാഹിബ പ്രമേയമാണ്. ഞാനൊരു തിരുത്ത് വരുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനന്തപ്പൂർ പ്രമേയമെന്നു പറഞ്ഞാൽ അവർ അംഗീകരിക്കുകയില്ല. അനന്തപ്പൂർ സാഹിബ് പ്രമേയം സർക്കാരിയാ കമ്മീഷനു വിടാൻ തീർച്ചപ്പെടുത്തി. സർക്കാരിയാ കമ്മീഷൻ ഈ രാജ്യത്തിലെ സ്റ്റേറ്റ്-സെൻറർ അധികാരത്തെപ്പറ്റി വിലയിരുത്താൻവേണ്ടി ശ്രീമതി ഇന്ദിരാഗാന്ധി നിശ്ചയിച്ച കമ്മീഷനാണ്. ആ കമ്മീഷന്റെ മുമ്പാകെ പരിശോധിക്കത്തക്കവിധത്തിൽ അനന്തപ്പൂർസാഹിബ് പ്രമേയം കമ്മീഷനു വിട്ടുകൊടുക്കാനാണ് തീരുമാനിച്ചത്. അതോടൊപ്പം ഒരു പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. എങ്കിലും തീവ്രവാദികളും സാമ്രാജ്യ വാദികളും ഇൻഡ്യയെ വെട്ടിമുറിക്കാൻവേണ്ടി ശ്രമിക്കുന്ന ആ ശ്രമം അവസാനിച്ചതായി നാം പ്രതീക്ഷിക്കുന്നില്ല. കാരണം അതിനിയും വ്യക്തമാകേണ്ടതുണ്ട്. അതായത് പൊളിറ്റിക്കൽ സൊല്യൂഷൻ. ഇൻഡ്യൻ ദേശീയ ഐക്യത്തിന്റെ രാഷ്ട്രീയപരിഹാരമതാണ്. ബാക്കി തീർച്ചയായിട്ടും ലോംഗോവാളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിനെ ഇൻഡ്യയിലെ ജനാധിപത്യവാദികളും, ഇൻഡ്യയിലെ ഇടതുപക്ഷക്കാർ, ഇൻഡ്യയിലെ പുരോഗമനവാദികളും, ദേശീയ ഐക്യത്തിനു നിൽക്കണം ഇൻഡ്യ എന്നാഗ്രഹിക്കുന്ന ജനങ്ങളും എല്ലാം സ്വാഗതം ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞങ്ങളും ഇതിനെ സ്വാഗതം ചെയ്യുകയാണ്.

V റിപ്പോർട്ട് സമർപ്പണം

1985-ലെ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് (ഭേഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Smt. M. Kamalam (Minister for Co-operation) : Sir, I present the report of the Subject Committee IX on the Kerala State Co-operative Agricultural Development Banks (Amendment) Bill, 1985.

VI ധനകാര്യം

1985-86 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടേയും 1979-80, 1980-81, 1981-82, 1982-83 എന്നീ വർഷങ്ങളിലേക്കുള്ള എക്സസ് ഗ്രാന്റിനെ സംബന്ധിക്കുന്ന ധനാഭ്യർത്ഥനകളുടേയും സ്റ്റേറ്റുമെന്റ്.

Shri K. M. Mani (Minister for Finance & Law) : Sir, I lay on the Table the Supplementary Financial Statement for the year 1985-86 and the Statements of Demand for Excess Grants for the years 1979-80, 1980-81, 1981-82 and 1982-83.

LIBRARY ARCHIVES Kerala Legislative Assembly